**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 333** **08-08-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്രം അനുവദിക്കുന്ന ഭക്ഷ്യധാന്യ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രം സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | NFSA നിയമം നടപ്പിലാക്കിയപ്പോൾ ഭക്ഷ്യധാന്യം മുൻഗണനാവിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന് ലഭിച്ചു വന്നിരുന്ന 15.9ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 14.25 ലക്ഷം മെട്രിക് ടണ്ണിലേക്ക് ഭക്ഷ്യ ധാന്യവിഹിതം കുറയുകയുണ്ടായി. കൂടാതെ മുൻഗണനേതര വിഭാഗത്തിന് ടൈഡ് ഓവർ വിഹിതമായി അനുവദിച്ചുവന്ന 6459.074 മെ.ടൺ ഗോതമ്പ് നിർത്തലാക്കി, അത്രയും അളവ് അരി വിഹിതത്തിലുൾപ്പെടുത്തിയാണ് 2022 ജൂൺ മുതൽ അനുവദിച്ചുവരുന്നത്. |
| (ബി) | ഓണം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ആഘോഷ സമയങ്ങളിൽ കേന്ദ്രം പ്രത്യേക സൗജന്യ ഭക്ഷ്യ ധാന്യങ്ങൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ